# സെന്റ് ജൂഡ്സ് ഹയർസെക്കണ്ടറി സ്കൂൾ വെള്ളരിക്കുണ്ട്



## ചരിത്രം.

പശ്ചിമഘട്ടത്തിന്റെ മടിത്തട്ടിലുറങ്ങുന്ന ഒരു കൊച്ചു ഗ്രാമമാണ് വെള്ളരിക്കുണ്ട് . കുടിയേററ കർഷകർ നിബിഡമായി അധിവസിക്കുന്നസ്ഥലം. 1950 മുതലാണ് ഈ പ്രദേശത്തേക്ക്കുടിയേററമാരംഭിച്ചത്. അദ്ധ്വാനത്തോടോപ്പം തങ്ങളുടെ മക്കൾക്ക് വിദ്യയഭ്യസം നേടുന്നതിനുള്ള സൗകര്യമുണ്ടക്കുന്നതിനനും രണ്ടാം തലമുറക്കാർസമയം കണ്ടെത്തി. അദ്ധ്വാനശീലരായ വെള്ളരിക്കുണ്ട് നിവാസികളുടെയും , ത്യാഗത്തിന്റെയും സേവനത്തിന്റെയും പ്രതീകമായ റവ. ഫാ.അലക്സ്മണക്കാട്ടുമററംഅവറുകളുടെയും അക്ഷീണ പരിശ്രമത്തിന്റെ ഫലമായി 1982 ൽ ഇവിടെ ഒരു സ്ക്രൂൾ അനുവദിച്ചു കിട്ടി . സ്ഥാപകമ മാനേജരായിരുന്ന റവ. ഫാ. അലക്സ് മണക്കാട്ടുമററം അവർകളുടെ നേതൃത്തത്തിൽ അദ്ധ്വാനശീലരും തൃഗനിധികളുമായനാട്ടുകാരുടെ പരിശ്രമഫലമായി സ്ക്രൂൾ കെട്ടിടവും ഗ്രൗണ്ടും സുസജ്ജമായി. 1995-ൽ ഹൈസ്ക്രൂളിന്റെ ഭരണം തലശ്ശേരി അതിരൂപതാ കോർപ്പറേററ് മാനേജ്മെന്റ് ഏറ്റെടുത്തു. റവ. ഫാ. ജോര്ജ്ജ് ചിറയിൽ അവർകളുടെ നേതൃത്തത്തിൽ 2000 ൽ ഹൈസ്ക്രൂൾഹയർ സെക്കന്ററി സ്ക്രൂളായി ഉയർത്തപ്പെട്ടു . സയൻസ് വിഭാഗത്തില് 2 ഉം ഹ്യൂമാനിററീസിൽ 2 ബാച്ചുമാണ് നിലവിലുള്ളത്. പഠനനിലവാരത്തിലും കലാകായികരംഗങ്ങളിലും വിശിഷ്യ അച്ചടക്കത്തിലും സെന്റ് ജൂഡ്സ് ഹയർ സെക്കന്ഡറി സ്ക്രൂളിന് സമുന്നതമായ സ്ഥാനമാണുള്ളത്.

റവന്യൂജില്ലാ

**കാസർഗോഡ്**

വിദ്യാഭ്യാസ ജില്ലാ

**കാഞ്ഞങ്ങാട്**

ഉപജില്ലാ

**ചിറ്റാരിക്കാൽ**

പ്രധാന അദ്ധ്യാപിക

**അന്നമ്മ കെ എം**

പി ടി എ പ്രസിഡന്റ്

**ജിമ്മി ഇടപ്പാടി**

എം പി ടി എ പ്രസിഡന്റ്

**അംബിക സുരേഷ്**




## ഭൗതികസൗകര്യങ്ങൾ

ഹൈസ്ക്കൂളിന് 3 കെട്ടിടങ്ങളിലായി 16 ക്ലാസ് മുറികളും

സയൻസ് ലാബ്,കമ്പ്യൂട്ടർ ലാബ്,ലൈബ്രറി,എൻ.സി. സി. റൂംഎന്നിവയുമുണ്ട്. ഹയർ സെക്കണ്ടറിയില് 6 ക്ളാസ് മുറികളും 4 സയൻസ് ലാബുകളുമുണ്ട് .വിശാലമായ ഒരു കളിസ്ഥലം വിദ്യാലയത്തിനുണ്ട്.

## പാഠ്യേതര പ്രവർത്തനങ്ങൾ

സ്കൗട്ട് & ഗൈഡ്സ്.
എൻ.സി.സി.
എ.ഡി.എസ്.യു
ക്ലാസ് മാഗസിൻ.
വിദ്യാരംഗം കലാ സാഹിത്യ വേദി.
ക്ലബ്ബ് പ്രവർത്തനങ്ങൾ.
യോഗ
എസ്.പി.സി
റെഡ് ക്രോസ്

## **മാനേജ്മെന്റ്**

ഈ സ്ക്കൂളിന്റെ രക്ഷാധികാരി തലശ്ശേരി അതിരൂപതാ ബിഷപ്പ് മാർ.ജോർജ്ജ് വലിയമററം പിതാവാണ്. കോർപ്പറേററ് മാനേജരായി റവ. ഫാ. മാത്യു ശാസ്താംപടവിൽ ലോക്കൽ മാനേജരായി വെരി. റവ. ഫാ. ഡോക്ടർ. ജോൺസൺ അന്ത്യാംകുളം ചുമതലവഹിക്കുന്നു . ഹൈസ്ക്കൂൾ വിഭാഗത്തിന്റെ ഹെഡ്മിസ്ട്രസ് ശ്രീമതി അന്നമ്മ കെ എം ,ഹയർ സെക്കണ്ടറി വിഭാഗത്തിന്റെ പ്രിൻസിപ്പൾ ശ്രീ. ഷാജു കെ കെ എന്നിവരാണ്.

# ചങ്ങാതി

കാത്തിരിപ്പിന്റെ സുഖമേ
നിന്നെ അറിയണമെങ്കിൽ
പ്രണയിക്കണം എന്നില്ല
തന്നിലെ പാതിയും നിയും
നിന്നിലെ പാതി ഞാനും എന്നു പറയുന്ന
ശിവനെയും പാർവതിയും പോലെ
പ്രണയബന്ധം അല്ലാതെ
ഒരു സൗഹൃദം എന്നും ഉണ്ടായാൽ മതി
ഒരുപക്ഷേ പ്രണയത്തേക്കാൾ മനോഹരമായിരിക്കും
ആ സൗഹൃദചെപ്പു തുറക്കാൻ വേണ്ടിയുള്ള കാത്തിരിപ്പ്
മഴ പെയ്ത്ത് നനഞ്ഞ മരങ്ങളിലെ
ചില്ലകളെ എവിടെ എന്റെ ചങ്ങാതി

# വായനയുടെ പ്രാധാന്യം

ഒരു വ്യക്തിയുടെ സമഗ്ര വളർച്ചയ്ക്കു പിന്നിൽ വായന വഹിക്കുന്ന പങ്ക് വളരെ വലുതാണ്. വായനയിൽ നിന്നു ലഭിക്കുന്ന അറിവും അനുഭവവും ജീവിത വിജയത്തിന് ഉപകരിക്കുന്നു. മനുഷ്യന്റെ സ്വഭാവ രൂപവൽക്കരണത്തിന് വായന വളരെയധികം സ്വാധീനം ചെലുത്തുന്നുണ്ട്. പുസ്തകങ്ങളും ചങ്ങാതിമാരും ഒരുപോലെയാണെന്ന് പറയുന്നുണ്ട്. ഒരു നല്ല പുസ്തകം ഒരുവനെ നന്മയുടെ പാതയിലേക്ക് നയിക്കുന്നു. തെളിഞ്ഞ വായന മനുഷ്യന്റെ മഹത്വം വിളിച്ചുപറയുന്നു. പലതരം പുസ്തകങ്ങൾ ഉള്ളതുപോലെതന്നെ പലതരം വായനയും ഉണ്ടെന്നാണ് ഫ്രാൻസിസ് ബേക്ക് പറയുന്നത്. നമ്മൾ എല്ലാവരും പുസ്തകങ്ങളെ സ്നേഹിക്കണം. അവയെ സുഹൃത്തുക്കളായി കരുതണം. അറിവ്
വർദ്ധിപ്പിക്കാനുള്ള ഏറ്റവും നല്ല മാർഗ്ഗമാണ് വായന. വായന വളരണമെങ്കിൽ പുസ്തകങ്ങളുമായുള്ള നമ്മുടെ ചങ്ങാത്തം നാം വർദ്ധിപ്പിക്കണം. ലോകത്തിന്റെ വെളിച്ചമാണ് പുസ്തകങ്ങൾ. ഈ വെളിച്ചം കണ്ടുവേണം കുട്ടികളായ നമ്മൾ വളരാൻ. എന്നാൽ ഇന്ന് വായനാശീലം പൊതുവെ നമ്മളിൽ കുറഞ്ഞുവരുകയാണ്. ഇതിനു കാരണം ദൃശ്യമാദ്ധ്യമങ്ങളുടെ സ്വാധീനമാണ്. ഇന്ന് ഇന്റർനെറ്റ് യുഗത്തിൽ നോക്കി ഇരിക്കാനാണ് യുവതലമുറയിൽപ്പെട്ടവർക്ക് കൂടുതൽ താൽപര്യം. മുൻപ് വിജ്ഞാനത്തിലും വിനോദത്തിലും വായന ഒഴിവാക്കാൻ പറ്റാത്ത കാര്യമായിരുന്നു. എത്ര പുസ്തകങ്ങൾ വായിച്ചു എന്നതിലല്ല വായിച്ച പുസ്തകങ്ങളിൽ നിന്ന് എന്തുനേടി എന്നതിനാണ് നാം മൂല്യം കണ്ടെത്തേണ്ടത്. ഒരു ജീവിക്കുന്ന മനുഷ്യനെ വധിക്കുമ്പോൾ ചിന്തിക്കേണ്ടത് ഒരു ജീവിയെതന്നെയാണ് നശിപ്പിക്കുന്നത് എന്നാണ് . എന്നാൽ ഒരു പുസ്തകം നശിപ്പിക്കുമ്പോൾ ചിന്ത തന്നെ നശിപ്പിക്കപ്പെടുമെന്ന് മിൽട്ടൻ പറഞ്ഞിട്ടുണ്ട്. ഓരോ കുട്ടിയും ഒരു ദിവസമെങ്കിലും പുസ്തകമെടുക്കാൻ കേരളമെമ്പാടും ജൂൺ 19 വായനാദിനമായി ആചരിക്കുന്നു. ഒരു ദിവസം ഒരു പുസ്തകത്തിലെ ഒരു ഖണ്ഡികയെങ്കിലും വായിക്കുവാൻ ഇനി നമുക്ക് എന്നും പരിശ്രമിക്കാം .

## ഒരു നേരം നമ്മൾ പൂക്കും

- കവിത

ഒരു നേരം പൂക്കുമൊരനുരാഗം

ഇട നെഞ്ചിൻ നേരം പൂക്കുമോ

ഇട രാഗം തോരും വഴികളിൽ
ഞാൻ അലയുമോ.........(2)

ഇട നേരം അലയുമൊരരുവികൾ

ഇട നെഞ്ചിൻ രാഗം തോരുമോ

ഇട നേരം നീ.... അലയുമോ....
ആ .... ഓ.... ഓ.....ആ......

-----------------------

## പരിഷ്കാരിയും പൊങ്ങച്ചക്കാരിയും

- കഥ

പരിഷ്കാരിയും പൊങ്ങച്ചക്കാരിയും ആയ പൊന്നമ്മചേച്ചി ഒരു ചെരിപ്പുകടയിൽ കയറി . " എനിക്ക് നന്നായി ചേരുന്ന പുതിയ ചെരിപ്പുകൾ വേണം " അവർ കടക്കാരനോട് പറഞ്ഞു കാലിൽ കിടക്കുന്ന ചെരിപ്പുകൾ ഊരി മാറ്റിയിട്ടിട്ട് , കടക്കാരൻ കാണിച്ച ചെരിപ്പുകൾ ഓരോന്നായി അവർ കാലിൽ ഇട്ടുനോക്കി. ഒത്തിരി എണ്ണം പരീക്ഷിച്ചിട്ടും അവർക്ക് ചേരുന്ന ചെരുപ്പ് കിട്ടിയില്ല. ഒടുവിൽ അല്പം മാറിക്കിടന്ന ഒരും ജോടി ചെരിപ്പിൽ കാൽ കയറ്റിയപ്പോൾ കൃത്യം. " ഇത് കൊള്ളാം . അളവും ഡിസൈനും എനിക്ക് ഇഷ്ടപ്പെട്ടു. ഇതിന് എന്താണ് വില ? "അവർ ചോദിച്ചു കടക്കാരൻ
ചിരിച്ചുകൊണ്ട് പറഞ്ഞു , " അയ്യോ , മാഡം അതിന് ഒന്നും തരേണ്ട ഫ്രീ ആയി എടുത്തികൊള്ളൂ മാഡം ഇവിടേക്ക് കയറി വന്നപ്പോൾ കാലിൽ ഉണ്ടായിരുന്ന ചെരിപ്പുകൾ ആണ് അത് ." ചമ്മലോടെ അവർ പുറത്തേക്ക് പോയപ്പോൾ കടക്കാരൻ ഓർത്തു

" പലപ്പോഴും നമ്മുക്ക് ഉചിതമായവ തള്ളിക്കളഞ്ഞിട്ടാണ് നാം പുതിയതിനെ തേടിപ്പോകുന്നത്."

----------------------------

## പ്രകൃതിയിലെ നിറങ്ങൾ

പച്ച , വെള്ള, മഞ്ഞ, നീല ...., എന്ന നിറങ്ങൾ
മാത്രം അല്ല ഈ പ്രകൃതിയിൽ ഉള്ളത് പല വിധത്തിൽ ഉള്ള നിറങ്ങൾ . മരങ്ങൾ , മൃഗങ്ങൾ ... ഓരോ കലാ സൃഷ്ടിയിലും അതിന്റേതായിട്ടുള്ള കരവിരുത് നമ്മുക്ക് കാണാൻ കഴിയുന്നു. അത് മനസിലാക്കാൻ പല കാരണങ്ങളും ഉണ്ട് . അതിന് ഒരു ഉദാഹരണമാണ് ഡോൾഫിൻ അതിന് വെള്ളത്തിന്റെ അടിയിൽ ഉള്ള മീനുകളെ കണ്ടുപിടിക്കാനും മീനും പാറയും തമ്മിൽ ഉള്ള വേർതിരിവ് മനസ്സിലാക്കാനും സോണാർ എന്ന കഴിവ്
ഡോൾഫിനെ സഹായിക്കുന്നു. ഇനി ശുദ്ധജലം , ഉപ്പുവെള്ളം , ഓയിൽ എന്നിവ മനസ്സിലാക്കാനും ഇത് സഹായിക്കും. ഇതുപോലുള്ള ഉപകരണങ്ങൾ നിർമ്മിക്കാൻ ശാസ്ത്രജ്ഞന്മാർ ശ്രമിക്കുന്നു. ഏതു ദിശയിൽ സഞ്ചരിക്കണമെന്ന് തിരിച്ചറിയാനും ഇത് സഹായിക്കും. ശാസ്ത്രസാങ്കേതിക വിദ്യയിലെ മുന്നേറ്റം വ്യത്യസ്ത നിറങ്ങളെ അതിന്റേതായ പ്രത്യേകതകളോടെ തിരിച്ചറിയാൻ നമ്മെ സഹായിക്കും.

-------------------------

## എന്നുടെ കേരളം

കേരളമാണെന്റെ ജന്മനാട്
കേരളം തിളങ്ങുന്ന പൊന്നുനാട്
ശ്യാമള കോമളമായ നാട്
മാമല തിങ്ങുന്ന സ്വന്തം നാട്
മഹാകവികൾ പിറന്ന നാട്
തുഞ്ചനും കുഞ്ചനും പിറന്ന നാട്
കഥകളിതൻ ജന്മനാട്
പഴശ്ശിതമ്പുരാൻ വാണനാട്
പരശ്ശുരാമൻ മഴുവെറിഞ്ഞ് ഉയർന്ന്,
ഉയർന്ന് വന്ന നാട്
കളരിപ്പയറ്റ് പിറന്ന നാട്
പച്ച വിരിച്ച ജന്മനാട്
വയലുകൾ ചാഞ്ചാടും പൊന്നു നാട്
തോടും പുഴകളും ഉള്ള നാട്
ദൈവത്തിന്റെ സ്വന്തം പുണ്യനാട്..

## നശിപ്പിക്കരുത് നമ്മുടെ പ്രകൃതിയെ

പ്രകൃതി നമ്മുടെ അമ്മയാണെന്ന് എല്ലാവരും പറയുന്നു. പക്ഷേ അത് നമ്മളിൽ ചിലർ മാത്രം വിശ്വസിക്കുന്നു. നമ്മൾ നമ്മുടെ അമ്മയെ കൊല്ലുമോ ? ഒരിക്കലുമില്ല. പക്ഷേ നമ്മുടെ പ്രകൃതിയെ നമ്മൾ ക്രൂരമായി കൊല്ലുന്നു. മരങ്ങൾ വെട്ടി നശിപ്പിച്ചും മാലിന്യം വലിച്ചെറിഞ്ഞും നമ്മൾ പ്രകൃതിയെ നശിപ്പിക്കുന്നു.

നമ്മുടെ പ്രകൃതി എന്ത് മനോഹരമാണ്. മയിൽപ്പീലി പോലെ ആടുന്ന തെങ്ങുകളും കാറ്റിലാടിയുലയുന്ന നെൽച്ചെടികളും കളകളമൊഴുകുന്ന തോടും ആടിയുലയുന്ന മരങ്ങളും പൂക്കളുമൊക്കെ കാണുമ്പോൾ എങ്ങനെയാണ് നമ്മുടെ പ്രകൃതിയെ നശിപ്പിക്കാൻ നമ്മുക്ക് തോന്നുന്നത്.

ജൂൺ 5 പരിസ്ഥിതി ദിനത്തിൽ നമ്മളെല്ലാവരും തൈകൾ നടുന്നു. ആ നമ്മൾ തന്നെ എന്തുകൊണ്ടാണ് മരങ്ങൾ വെട്ടി നശിപ്പിക്കുന്നത് ? നമ്മുടെ പ്രകൃതി പച്ച പുതച്ച് കിടക്കുന്നതാണ്. ആ പച്ചപ്പ് നമ്മൾ ഒന്നൊന്നായി നശിപ്പിക്കുന്നത് ശരിയല്ല. പാടങ്ങൾ മണ്ണിട്ട് നികത്തി അവിടെ ഫ്ലാറ്റുകളും കെട്ടിടങ്ങളും നിർമ്മിച്ച് നമ്മുടെ പ്രകൃതിയെ ചിലർ നശിപ്പിക്കുന്നു. ഫാക്ടറിയിൽ നിന്നുള്ള മാലിന്യം പുഴകളിലും പലയിടങ്ങളിലും ഒഴുക്കിവിടുന്നത്കൊണ്ട് നമുക്കും നമ്മുടെ പ്രകൃതിക്കുമാണ് കുഴപ്പം അത് നമ്മുടെ ജീവന് തന്നെ ഭീഷണിയാണ്.

നമ്മൾ ഇനി മുതൽ മരങ്ങൾ വെട്ടി നശിപ്പിക്കുകയും മാലിന്യം പുഴകളിലും മറ്റും ഒഴുക്കി വിടുകയും ചെയ്യരുത് എന്ന ശപഥം ചെയ്യുക. പ്ലാസ്റ്റിക്ക് മാലിന്യം വലിച്ചെറിയരുത്. അങ്ങനെ നമുക്ക് പ്രകൃതിയെ സംരക്ഷിക്കാം.

## കിനാവ്

പകൽ കിനാവിന്നും
പതിവുപോലെ
പുളിയിലക്കര
പുടവ ചുറ്റി,
പൊട്ടു തൊട്ടു,
വാലിട്ടു കണ്ണെഴുതി
മുട്ടോളമെത്തും
മുടിയഴകിൽ
മെടഞ്ഞതിൽ
മുല്ലപ്പൂ മാല ചൂടി
മനസ്സിന്റെ
കടവത്തുന്നു
തോണിയേറി തുഴയുന്നു........
ഇതുവരെ കാണാത്ത
മഴവില്ലു തേടി.......
മലർക്കാടു തേടി......
മധുക്കൂടു തേടി.......

# ആരുടെ കരവിരുത് ?
# നായയുടെ ഘ്രാണശക്തി

ഘ്രാണശക്തി, അഥവാ മണം പിടിക്കാനുള്ള കഴിവ്, ഉപയോഗിച്ച് നായ്ക്കൾക്കും മറ്റ നായ്ക്കളുടെ പ്രായവും ലിംഗവ്യത്യാസവും വൈകാരികസ്ഥിതിയും തിരിച്ചറിയാൻ കഴിയുമെന്നും ഗവേഷകർ അഭിപ്രായപ്പെടുന്നു. സ്ഫോടകവസ്തുക്കളും മയക്കുമരുന്നും തിരിച്ചറിയാൻ കഴിയുന്ന വിധത്തിൽപ്പോലും ഇവയെ പരിശീലിപ്പിച്ചെടുക്കാനാകും. മനുഷ്യർ കാഴ്ചശക്തി ഉപയോഗിച്ച് ചുറ്റുപാടിനെക്കുറിച്ച് അറിയുമ്പോൾ നായ്ക്കൾ ഘ്രാണശക്തിയാണ് ഉപയോഗിക്കുന്നത്. അവർ മൂക്കുകൊണ്ട്, വായിക്കുന്നു.

സവിശേഷത - മനുഷ്യന്റേതിനേക്കാൾ ആയിരക്കണക്കിനു മടങ്ങു മികച്ചതാണ് നായയുടെ ഘ്രാണശക്തി.

"ഒരു പദാർഥത്തിലെ പതിനായിരം കോടിയിൽ ഒരംശം മാത്രമുള്ള കണങ്ങൾപോലും തിരിച്ചറിയാൻ നായ്ക്കു കഴിയും. ഒരു ഒളിമ്പിക്ക് നീന്തൽക്കുളത്തിൽ കലങ്ങിയ കാൽ ടീ സ്പൂൺ പഞ്ചസാര രുചിച്ച് അറിയാൻ പറ്റുന്നതുപോലെയാണ് ഇത് " എന്ന് ഒരു സ്ഥാപനം പറയുന്നു.

നായയുടെ ശ്രദ്ധേയമായ ഈ ഘ്രാണശക്തിക്കു പിന്നിലെ രഹസ്യം എന്താണ് ? നായയുടെ മൂക്ക് നനവുള്ളതായതുകൊണ്ടാണ് അതിനെ ഏറെ മെച്ചമായി ഗന്ധകണങ്ങൾ പിടിച്ചെടുക്കാൻ കഴിയും.

നായയുടെ മൂക്കിനുള്ളിൽ രണ്ടു വായുസഞ്ചാരപാതയുണ്ട്. ഒന്നു ശ്വസനത്തിനും മറ്റൊന്ന് മണം പിടിക്കാനും. നായ മണം പിടിക്കുമ്പോൾ , വായു ഘ്രാണ സംവേദിനികളുള്ള നാസാഗഹ്വരത്തിലേക്ക് പോകുന്നു. നായയുടെ ഘ്രാണഭാഗത്തിനു 130 ചതുരശ്ര സെന്റിമീറ്റർ വലുപ്പമുണ്ട്. മനുഷ്യന്റേതിനു 5 ചതുരശ്ര സെന്റിമീറ്റർ വലുപ്പമേയുള്ളൂ. നമുക്കുള്ളതിനേക്കാൾ 50 മടങ്ങുവരെ ഘ്രാണസംവേദിനി കോശങ്ങൾ നായ്ക്കുണ്ട്.

ഇതെല്ലാം , ഒരു ഗന്ധത്തിന്റെ ഓരോ ഘടകവും വേർതിരിച്ച് മനസ്സിലാക്കാൻ നായയെ സഹായിക്കുന്നു. ഉദാഹരണത്തിന്, നമുക്ക് ഒരു സൂപ്പിന്റെ മണം പിടിച്ചെടുക്കാൻ പറ്റും , എന്നാൽ നായക്ക് ആ സൂപ്പിലെ ഓരോ ചേരുവവരെ തിരിച്ചറിയാൻ പറ്റുമെന്നാണ് ചില വിദഗ്ധരുടെ അഭിപ്രായം.

" മണം തിരിച്ചറിയാനുള്ള ഭൂമിയിലെ അതിസങ്കീർണമായ സംവിധാനങ്ങളിൽ ഒന്നാണ് " തലച്ചോറും മൂക്കും ഉപയോഗിച്ചുള്ള നായയുടെ മണംപിടിത്തം എന്ന് ഒരു ക്യാൻസർ ഗവേഷണസ്ഥാപനമായ പൈൻ സ്ട്രീറ്റ് ഫൗണ്ടേഷനിലെ ഗവേഷകർ പറയുന്നു. സ്ഫോടകവസ്തുക്കളും കള്ളക്കടത്തു സാധനങ്ങളും ക്യാൻസർ ഉൾപ്പെടെയുള്ള രോഗങ്ങളും തിരിച്ചറിയാൻ പറ്റുന്ന വിധത്തിലുള്ള ഇലക്ട്രോണിക് (മൂക്കുകൾ) വികസിപ്പിച്ചുകൊണ്ടിരിക്കുകയാണു ശാസ്ത്രജ്ഞന്മാർ.

നിങ്ങൾക്ക് എന്തു തോന്നുന്നു ? നായയുടെ ഘ്രാണശക്തി പരിണമിച്ച് ഉണ്ടായതാണോ ? അതോ ആരെങ്കിലും രൂപകല്പന ചെയ്തതാണോ ?

# സഡാക്കോ സഡക്കി

1945 ഹിരോഷിമയിലെ അമേരിക്കയുടെ അണുബോംബ് അക്രമത്തിൽ രക്തസാക്ഷിയാവേണ്ടി വന്ന ജാപ്പനീസ് പെൺക്കുട്ടിയാണ് സഡാക്കോ സഡാക്കി. യുദ്ധത്തിൽ വന്നു വർഷിച്ച ബോംബുകളിൽ നിന്ന് അതിസാഹസികമായി രക്ഷപെട്ട ഒരു കൊച്ചു മിടുക്കി.

രണ്ട് വയസ്സുള്ളപ്പോഴാണ് ഹിരോഷിമയിൽ അണുബോംബിടുന്നത് . അപ്പോൾ മരണത്തിൽ നിന്നു രക്ഷപ്പെട്ടെങ്കിലും മാരകമായ അണുവികിരണങ്ങൾ അവർക്ക് രക്താർബുദം വരുത്തിവച്ചു. ആയിരം കടലാസുകൊക്കുകളെയുണ്ടാക്കി പ്രാർത്ഥിച്ചാൽ ആഗ്രഹിക്കുന്ന കാര്യം സാധിക്കുമെന്ന ഒരു വിശ്വാസം ജപ്പാനിലുണ്ട്. അതുപ്രകാരം രോഗം മാറാനായി സഡാക്കോ ആശുപത്രിക്കിടക്കയിലിരുന്നു. കടലാസു കൊറ്റികളെ ഉണ്ടാക്കിയപ്പോഴേക്കും അവൾ മരണത്തിനു കീഴടങ്ങി. പിന്നീട് അവളുടെ സുഹൃത്തുക്കൾ ചേർന്ന് 1000 എന്ന എണ്ണം പൂർത്തിയാക്കി ആ കൊറ്റികളെ അവളോടൊപ്പം ദഹിപ്പിച്ചു .

പിന്നീട് സഡാക്കോയും അവളുടെ ഒറിഗാമി കൊക്കുകളും ലോകസമാധാനത്തിന്റെ പ്രതീകമായി ലോകമെങ്ങും അറിയപ്പെട്ടു.

അങ്ങനെ 1955 ഒക്ടോബർ 25 ന് അവൾക്ക് വെറും 12 വയസ്സ് പ്രായം മാത്രമുള്ളപ്പോൾ ജീവിച്ച് കൊതി തീരാത്ത കാലത്ത് അവൾ ഈ ലോകത്തെ വിട്ട് പോയി.

ഇന്ന് സഡാക്കോ സഡാക്കി ലോകസമാധാനത്തിന്റെ പ്രതീകമാണ്. അതുപോലെ ഒറിഗാമി കൊക്കുകൾ എന്നു ജപ്പാൻകാർ വിളിച്ച അവളുടെ കൊക്കുകളും

ലോകത്തോട് ജപ്പാൻകാർ പറയുന്ന ഒരു കാര്യം ഇതാണ്-

" ഇനി ഒരു യുദ്ധം വേണ്ടേ വേണ്ട."

## എന്റെ ചിന്തകൾ

എന്റെ ചിന്തകൾ
കുഞ്ഞിചിറകുകൾ വീശി
ഏതുയരം വരെ പറക്കുന്നുവോ
അവിടംവരെയാണെന്റെ ആകാശം.
എന്റെ സ്വപ്നങ്ങൾ
തെളിച്ച വഴിയേ
എത്രദൂരംവരെ പാദങ്ങൾ നീങ്ങുന്നുവോ
അതുവരെയാണെന്റെ സാമ്രാജ്യം.
കാല പ്രവാഹത്താൽ
മഞ്ഞുതുള്ളിയായി സ്നേഹമെന്നിലെത്ര
ആഴത്തിൽ നിറഞ്ഞൊഴുകി പരക്കുന്നുവോ
അതാണെന്റെ കടൽ.
കിനാവുകൾ ചേക്കേറിയ
ഹൃദയാകാശത്തിൽ
പ്രതീക്ഷയാം നീലവെളിച്ചത്തിൽ
മോഹപ്പൂക്കൾ വിടരുകയായി.